കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്
രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
E-mail: info@pravasikerala.org www.pravasikerala.org

KNRKWB

---

## സർക്കുലർ

KNRKWB/864/2024-S23 14-11-2024

വിഷയം : കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് - പ്രവാസി ഡിവിഡന്റ് പദ്ധതി - അംഗത്വം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, അംഗത്തിന്റെ കാലശേഷം പങ്കാളി/നോമിനി പാലിക്കേണ്ട നടപടിക്രമങ്ങൾ ഇവ സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിൻറെ ഭാഗമായും, പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിൻറെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ മുന്നോട്ട് വെയ്ക്കുന്ന നൂതന ദീർഘകാല നിക്ഷേപ പദ്ധതിയാണ് 'പ്രവാസി ഡിവിഡന്റ് പദ്ധതി'. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും ജീവിതാവസാനം വരെ ഉറപ്പാക്കപ്പെട്ട മാസവരുമാനം ലഭ്യമാകുന്നു എന്നത് ഇതിൻറെ ഏറ്റവും വലിയ സവിശേഷതയാണ്.

**<u>ഈ പദ്ധതിയുടെ പ്രധാന സവിശേഷതകൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ് .</u>**

- ഈ പദ്ധതിയിൽ 3 ലക്ഷം രൂപ മുതൽ 5 1 ലക്ഷം രൂപ വരെ പ്രവാസി കേരളീയർക്ക് നിക്ഷേപിക്കാവുന്നതാണ്.
- നിക്ഷേപ തീയതി മുതൽ 3 വർഷം കഴിയുന്ന മുറയ്ക്ക് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് ലഭ്യമാകുന്നതാണ്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള വാർഷിക ഡിവിഡന്റ് നിക്ഷേപ തുകയോട് കൂട്ടിച്ചേർക്കുന്നതാണ്. മൂന്നാം വർഷം അവസാനമുള്ള നിക്ഷേപത്തുകയുടെ 10% ആയിരിക്കും ഡിവിഡന്റായി നൽകുന്നത്.
- നിക്ഷേപകൻറെ കാലശേഷം ജീവിത പങ്കാളിക്ക് ഈ പ്രതിമാസ ഡിവിഡന്റ് അവരുടെ മരണം വരെ ലഭിക്കുന്നതാണ്. നിക്ഷേപകൻറെയും, ജീവിത പങ്കാളിയുടെയും കാലശേഷം നിയമപരമായ അവകാശിക്ക്/ നോമിനിക്ക് നിക്ഷേപത്തുക തിരികെ ലഭിക്കുന്നു. പ്രതിമാസ ഡിവിഡന്റ് നൽകുന്നത്

അതോടൊപ്പം അവസാനിക്കുന്നു.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം താഴെപ്പറയുന്നവർക്ക് ഈ പദ്ധതിയനുസരിച്ച് നിക്ഷേപം നടത്താവുന്നതാണ്.

1. **<u>പ്രവാസി കേരളീയൻ (വിദേശം) വിഭാഗം 1A</u> – നിലവിൽ**

വിദേശത്തു ജോലിചെയ്യുന്ന കേരളീയർ.

2. **<u>മുൻ പ്രവാസി കേരളീയൻ (വിദേശം) വിഭാഗം 1B</u> –**

രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്ത് ജോലി ചെയ്ത ശേഷം കേരളത്തിൽ സ്ഥിര താമസമാക്കിയ കേരളീയർ

3. **<u>പ്രവാസി കേരളീയൻ (ഭാരതം) വിഭാഗം 2A</u>–**

കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്ത് ആറു മാസത്തിലധികമായി ജോലി സംബന്ധമായി താമസിച്ചു വരുന്ന കേരളീയർ.

**<u>I. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ അംഗമാകേണ്ട/നിക്ഷേപിക്കേണ്ട വിധം</u>**

| | |
|---|---|
| Step -1 | www.pravasikerala.org എന്ന വെബ്സൈറ്റിൽ login ചെയ്യുക |
| Step -2 | Dividend Scheme ൽ ക്ലിക്ക് ചെയ്യുക |
| Step -3 | "New user click here" – ൽ ക്ലിക്ക് ചെയ്ത് Dividend Scheme Terms & Conditions അംഗീകരിക്കുന്നപക്ഷം " I hereby declare..." എന്ന സ്ഥലത്ത് ക്ലിക്ക് ചെയ്തശേഷം "Submit" ബട്ടൺ ക്ലിക്ക് ചെയ്യുക. |
| Step -4 | E-mail ID-യും മൊബൈൽ നമ്പരും enter ചെയ്തതിനു ശേഷം സ്ക്രീനിൽ കാണുന്ന "Captcha" അതു പോലെ കോളത്തിൽ ടൈപ്പ് ചെയ്ത ശേഷം "Confirm" ബട്ടൺ ക്ലിക്ക് ചെയ്യുക. |
| Step -5 | തന്നിരിക്കുന്ന E-mail ID യിലേക്ക് ബോർഡിൽ നിന്നും ഒരു മെയിൽ അയക്കുന്നതാണ്. അതിൽ തന്നിരിക്കുന്ന Website Link ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. |
| Step -6 | അപേക്ഷയിൽ Basic details, Address details, Account details, Spouse details, Nominee details എന്നിവ പൂർണ്ണമായും പൂരിപ്പിച്ച് അപേക്ഷ Save & Submit ചെയ്യുക. |
| | ബോർഡിൽ ലഭിച്ച അപേക്ഷകൾ നിലവിലെ വ്യവസ്ഥ |

| Step -7 | കൾ പ്രകാരം അർഹത പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് വീണ്ടും Login ചെയ്ത് അപേക്ഷയിലെ Payment details പൂർണ്ണമായും പൂരിപ്പിച്ച് സമർപ്പിക്കാവുന്നതാണ്. |
|---|---|

- Cheque/DD മുഖാന്തിരമാണ് നിക്ഷേപം നടത്തുന്നതെങ്കിൽ പ്രസ്തുത Cheque/DD യോടൊപ്പം Computer Generated Payment Voucher ഉള്ളടക്കം ചെയ്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിൽ അയയ്ക്കേണ്ടതാണ്. (Note: Online Payment-ന് ഇത് ബാധകമല്ല.)

The Chief Executive Officer
Kerala Non-Resident Keralites' Welfare Board,
Norka Centre, IInd Floor, Thycaud P.O,
Thiruvananthapuram – 695014

- മേൽ പറഞ്ഞ ഓരോ ഘട്ടത്തിലും തുടർന്ന് Cheque/ DD ബോർഡിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച മെയിൽ സന്ദേശം ലഭിക്കുന്നതാണ്.

## II. അംഗത്വത്തിനായി സമർപ്പിക്കേണ്ട രേഖകൾ

### A. വിഭാഗം 1A ( പ്രവാസി കേരളീയൻ വിദേശം)

( ഫോറം നമ്പർ 1എ )

1. പാസ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ്
2. നിലവിൽ സാധുതയുള്ള പാസ്സ്പോർട്ടിലെ ജനന തീയതി, മേൽവിലാസം എന്നിവ ഉൾപ്പെടെയുള്ള പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
3. പ്രാബല്യത്തിലുള്ള വിസ / ഇഖാമ / റെസിഡൻസ് പെർമിറ്റ് / റീ-എൻട്രി വിസ എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. സ്വന്തം പേരിലുള്ള ഏതെങ്കിലും ബാങ്കിന്റെ പാസ്ബുക്ക് /ചെക്ക് – ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (NRI/NRE അക്കൗണ്ടുകൾ സ്വീകാര്യമല്ല)
5. ആധാർ കോപ്പി
6. പാൻ കാർഡ് കോപ്പി (പാൻ കാർഡും ആധാറും ബന്ധിപ്പിക്കേണ്ടതാണ്)

### B. വിഭാഗം 1B (മുൻ പ്രവാസി കേരളീയൻ - വിദേശം)

ഫോറം നമ്പർ 1 ബി

1. പാസ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ്.
2. ജനന തീയതി തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (SSLC / School certificate / Driving Licence / Passport)
3. പാസ്പോർട്ടിലെ ജനന തീയതി, മേൽവിലാസം എന്നിവ ഉൾപ്പെടെ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
4. 1ബി ഫോമിൽ ഉൾപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ്(ഗസറ്റഡ്ഓഫീസർ/വില്ലേജ്ഓഫീസർ/സ്വയം ഭരണസ്ഥാപനങ്ങളുടെ തലവൻ /MP /MLA / പ്രവാസി ക്ഷേമ ബോർഡ് ഡയറക്ടർ ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയത് )
5. വിദേശത്തു രണ്ടു വർഷത്തിലധികം സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നു തെളിയിക്കുന്ന എൻട്രി, എക്സിറ്റ് സീലുകൾ ഉൾപ്പെടെ പാസ്പോർട്ടിലെ വിസ/ഇഖാമയുടെ വ്യക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
6. സ്വന്തം പേരിലുള്ള ഏതെങ്കിലും ബാങ്കിന്റെ പാസ്ബുക്ക്/ചെക്ക് – ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (NRI/NRE അക്കൗണ്ടുകൾ സ്വീകാര്യമല്ല)
7. ആധാർ കോപ്പി
8. പാൻകാർഡ് കോപ്പി (പാൻ കാർഡും ആധാറും ബന്ധിപ്പിക്കേണ്ടതാണ്)

c. <u>വിഭാഗം 2A (പ്രവാസി കേരളീയൻ - ഭാരതം)</u>

ഫോറം നമ്പർ 2എ

1. പാസ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ്
2. ജനന തീയതി തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (SSLC/School certificate/Driving Licence/Passport)
3. അപേക്ഷകൻ കേരളത്തിന് പുറത്തു ഇന്ത്യയിൽ 6 മാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണെന്നു തെളിയിക്കുന്ന 2എ ഫോമിൽ ഉൾപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള റെസിഡൻസ്സർട്ടിഫിക്കറ്റ്. ( ബന്ധപ്പെട്ട സംസ്ഥാനത്തെ വില്ലേജ് ഓഫീസർ/തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറി/ പ്രസിഡൻ റ് / ഒരു ഗസറ്റഡ്ഓഫിസർ /നിയമസഭാംഗം/പാർലമെൻറ് അംഗം ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.) മേൽ പറഞ്ഞവരിൽ നിന്നുമുള്ള

റെസിഡൻറ് സർട്ടിഫിക്കറ്റ് ലഭിക്കാത്തപക്ഷം നോർക്ക റൂട്ട്സ് നൽകിയ ID കാർഡ് സ്വീകരിക്കുന്നതാണ്.

4. കേരളത്തിന് പുറത്തുള്ള ഇന്ത്യയിൽ എവിടെയെങ്കിലും തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും ഏതെങ്കിലും വ്യവസായം/ബിസിനസ്സ് സ്ഥാപനം നടത്തുകയാണെങ്കിൽ അത് സംബന്ധിച്ചും സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും അല്ലെങ്കിൽ എന്തിനു വേണ്ടിയാണു താമസിക്കുന്നത് എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട സംസ്ഥാനത്തെ തൊഴിലുടമയിൽ നിന്നോ, സ്ഥാപന അധികാരിയിൽ നിന്നോ, വില്ലേജ് ഓഫീസറിൽ നിന്നോ തത്തുല്യപദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോഉള്ള സാക്ഷ്യ പത്രമോ/ ബോർഡ് നിശ്ചയിക്കുന്ന രേഖകളോ ഹാജരാക്കണം.
5. കേരളീയൻ ആണെന്ന് തെളിയിക്കുന്നതി കേരള വിലാസം ഉള്ള ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് , നോർക്ക ഐഡി ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.
6. സ്വന്തം പേരിലുള്ള ഏതെങ്കിലും ബാങ്കിലെ പാസ്ബുക്ക് /ചെക്ക് – ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (NRI/NRE അക്കൗണ്ടുകൾ സ്വീകാര്യമല്ല)
7. ആധാർകോപ്പി
8. പാൻ കാർഡ് കോപ്പി (പാൻ കാർഡും ആധാറും ബന്ധിപ്പിക്കേണ്ടതാണ്)

**III. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തിയിട്ടുള്ള അംഗത്തിന്റെ മരണ ശേഷം പങ്കാളിയുടെ പേരിലേക്ക് നിക്ഷേപവും ഡിവിഡന്റ് വിതരണവും മാറ്റുന്നത് സംബന്ധിച്ച് പങ്കാളി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ** :

1. അംഗം മരണപ്പെട്ട വിവരം എത്രയും പെട്ടന്നു തന്നെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ dividend@pravasikerala.org എന്ന ഇമെയിലിലേക്ക് അംഗത്തിന്റെ മരണസർട്ടിഫിക്കറ്റ്,വിവാഹ സർട്ടിഫിക്കറ്റ്, ജീവിത പങ്കാളിയുടെ ഇ-മെയിൽ ഐഡി, ഫോൺനമ്പർ, എന്നിവ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.
2. ഇപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾപരിശോധിച്ചശേഷം പ്രസ്തുത ഇ-മെയിലിലേക്ക് റെജിസ്ട്രേഷൻലിങ്ക് അയക്കുന്നതാണ്. പ്രസ്തുത ലിങ്ക്ഉപയോഗിച്ച് പങ്കാളി റെജിസ്ട്രേഷൻ നടപടികൾ 24 മണിക്കൂറിനുള്ളിൽ തന്നെ പൂർത്തീകരിക്കേണ്ടതാണ്.
3. ഇപ്രകാരംനൽകിയ പൊതു വിവരങ്ങളും രേഖകളും പരിശോധിച്ച ശേഷം പങ്കാളിയുടെ

പേരിലേക്ക്  നിക്ഷേപത്തുകയും, ഡിവിഡന്റ് വിഹിതവും മാറ്റി നൽകുന്നതാണ്.

<u>സമർപ്പിക്കേണ്ട രേഖകൾ</u>

- വ്യക്തി വിവരങ്ങൾ തെളിയിക്കുന്ന ആധികാരിക രേഖ.
- പാൻ കാർഡ്
- ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
- ആധാർ,
- ഫോട്ടോ, ഒപ്പ്

(രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ് സമർപ്പിക്കേണ്ടത്)

**IV. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തിയിട്ടുള്ള അംഗത്തിന്റേയും, പങ്കാളിയുടെയും മരണ ശേഷം നിക്ഷേപത്തുക തിരികെ ലഭിക്കുന്നതിനായി നോമിനി/കൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ :**

1. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തിയിട്ടുള്ള അംഗത്തിന്റെ അംഗത്വ വിവരങ്ങളിൽ നൽകിയിട്ടുള്ള നോമിനികളിൽ ഏതെങ്കിലും ഒരു നോമിനിക്ക്, പ്രവാസി ക്ഷേമ ബോർഡിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ലിങ്ക് ഉപയോഗപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. നിക്ഷേപം നടത്തിയിട്ടുള്ള അംഗത്തിന്റെ അംഗത്വ വിവരങ്ങളിൽ നൽകിയിട്ടുള്ള എല്ലാ നോമിനികളുടേയും വ്യക്തിഗത വിവരങ്ങൾ നൽകി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>സമർപ്പിക്കേണ്ട രേഖകൾ</u>

- ഡിവിഡന്റ് വിഹിതം ലഭിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ്
- നിക്ഷേപ സർട്ടിഫിക്കറ്റ് (തുക നിക്ഷേപിച്ച ശേഷം നിക്ഷേപകന്, കേരളാ പ്രവാസി ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ്).
- റിലേഷൻഷിപ്പ്സർട്ടിഫിക്കറ്റ് / അനന്തരാവകാശ സർട്ടിഫിക്കറ്റ്
- എല്ലാ നോമിനികളുടേയും വ്യക്തി വിവരങ്ങൾ തെളിയിക്കുന്ന ആധികാരിക രേഖ.
- എല്ലാ നോമിനികളുടേയും ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ്( ജോയിന്റ് അക്കൗണ്ട് സ്വീകാര്യമല്ല )
- ഡിക്ലറേഷൻ ഫോം.
- ഫോട്ടോ, ഒപ്പ്

(രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ് സമർപ്പിക്കേണ്ടത്)

**V. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തിയിട്ടുള്ള അംഗം അവിവാഹിതൻ/അവിവാഹിത, ഡിവോർസി ആണെങ്കിൽ അംഗത്തിന്റെ മരണശേഷം നോമിനി മേല്പറഞ്ഞ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.**

**VI. നോമിനി/നോമിനികൾ മൈനറായിട്ടുള്ള സാഹചര്യത്തിൽ, അപേക്ഷ ലീഗൽ ഗാർഡിയൻനൽകാവുന്നതാണ്. ഈ സാഹചര്യത്തിൽ മേല്പറഞ്ഞ രേഖകൾക്കു പുറമെ , ലീഗൽ ഗാർഡിയനാണ് എന്ന് തെളിയിക്കുന്ന രേഖ കൂടി സമർപ്പിക്കേണ്ടതാണ്.**

Signed by
Geetha Lekshmi M B
Date: 14-11-2024 13:48:15

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

1. എല്ലാ ജില്ല എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐ.റ്റി മാനേജർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
3. മാനേജർ (ഫിനാൻസ്)
4. CA To CEO
5. അക്കൗണ്ട്സ് സെക്ഷൻ
6. ഓഫീസ് കോപ്പി